

**ഹാരിസ് നെന്മാറ**
അസ്ഹറുൽ ഉലൂം ആലുവ

പണ്ടൊക്കെ ഭയമായിരുന്നു
എന്നാൽ ഇന്നാ തടവറയുടെ
ചോരമണക്കുന്ന ഇടനാഴികളെന്റെ
ഉറക്കം കെടുത്താറില്ല
ഇരുട്ടും പേമാരിയും തീക്കാറ്റും കടലും
ഒക്കെ ഒന്നിച്ചലറിയടുത്തിട്ടും
നിർവികാരനായി അനന്തതയിലേക്ക്
കണ്ണും നട്ട് ഞാനിരുന്നു

ഒരുകാലത്ത് ഇരുട്ടിനെ ഭയമായിരുന്നു
അന്ന് അമ്മ കൂടെയുണ്ടായിരുന്നു

ഇന്ന് ഇരുട്ട് എന്റെ അട്ടഹാസങ്ങളെ
ഭയക്കുന്നുവെന്നറിഞ്ഞപ്പോഴും
കൊലമരം എന്നെ നോക്കി
അലറുന്നുണ്ടായിരുന്നു

പേമാരി എന്റെ എത്ര ഉറക്കം
കെടുത്തിയിട്ടുണ്ട്
എന്നാൽ ഇന്നെന്നെ ഭയന്നാണ്
പേമാരി കാലം തെറ്റി
-പ്പെയ്യുന്നതെന്നറിഞ്ഞപ്പോഴും
കൊലമരത്തിന് കുലുക്കമൊ
-ന്നുമുണ്ടായിരുന്നില്ല
തീക്കാറ്റ് ചോരമണവുമായെത്തിയാണ്
അന്നെന്റെ നാസാരന്ധ്രങ്ങളെ
തകർത്തെറിഞ്ഞത്
എന്നാൽ തീക്കാറ്റ് ഇന്ന്
എന്നെക്കാണുമ്പോൾ
വഴിമാറി നടക്കുന്നു

ഒരിക്കൽ നിലക്കാത്ത കടലിരമ്പം
എന്റെ കർണപടങ്ങളെ
തകർത്തെറിഞ്ഞിട്ടുണ്ട്
എന്നാൽ ഇന്നാ കടലിരമ്പവും
എന്റെ കാതുകൾക്ക്
അന്യമായിരിക്കുന്നു

യവനികക്ക് പിറകിൽ കാലചക്രം
അതിശ്രീഘ്ലം പാഞ്ഞുകൊണ്ടിരുന്നു
തെരുവരങ്ങുകൾക്ക്
തീപിടിച്ചുതുടങ്ങിയത്രെ
കൊലമരം അപ്പോഴും
ചിതലരിച്ചിരുന്നില്ല
ഒടുവിൽ ഞാൻ
കാത്തിരുന്ന ദിവസം
വന്നെത്തിയിരിക്കുന്നു

കൊലമരത്തിന്റെ അട്ടഹാസങ്ങൾ
ഇങ്ങടുത്തു വരുന്നുണ്ട്
ഇനിയും ചോരയുണങ്ങിയിട്ടില്ലാത്ത
കൊലക്കയറെന്റെ
തലയിലുടക്കുമ്പോൾ
എനിക്കൊന്നുറപ്പായിരുന്നു
പിറകിലെ മാവിൽ അമ്മ തൂങ്ങിയാടിയ
സാരിത്തലപ്പിന്
ഈ കൊലക്കയറിനേക്കാൾ
ബലമുണ്ടായിരുന്നു